പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 323 15.12.2014-ൽ മറുപടിക്ക്

**കെ, എസ് ആർ . ടി . സി സെസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ :<br>" ഇ. ചന്ദ്രശേഖരൻ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. വി. ശശി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | KSRTC യിൽ സെസ് ഏർപ്പെടുത്തുന്നതോടെ സ്വകാര്യ മേഖലയെക്കാൾ യാത്രാച്ചെലവു വർദ്ധിക്കാൻ സാദ്ധ്യതയുണ്ടോ; | (എ) | സാദ്ധ്യതയുണ്ട്. 25 രൂപ മുതലുള്ള കെ.എസ്.ആർ.ടി.സി. ടിക്കറ്റ് നിരക്കിന്മേൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നതാണ്. |
| (ബി) | സെസ് ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലേക്കായി, 25 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ നിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിന് അനുമതി നൽകി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച ശേഷമേ ഈ പദ്ധതി നടപ്പാക്കുകയുള്ളൂ. വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു. |

| ടിക്കറ്റ് നിരക്ക് | സെസ് തുക |
|---|---|
| 24 രൂപാ വരെ | ഇല്ല |
| 25 - 49 രൂപ | 2 രൂപ |
| 50 - 74 രൂപ | 3 രൂപ |
| 75 - 99 രൂപ | 4 രൂപ |
| 100 രൂപയ്ക്കും അതിനു മുകളിലും | 10 രൂപ |

സാമൂഹിക സുരക്ഷ അടിസ്ഥാനപ്പെടുത്തി നടപ്പാക്കുവാനുദ്ദേശിക്കുന്ന സെസ് പദ്ധതി അതിന്റെ ഏത് ഘട്ടത്തിലും നിർത്തി വയ്ക്കുന്നതിനും പുനരാരംഭിക്കുന്നതിനും ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ